എല്ലാ സർക്കുലറുകളും പ്രധാന ഉത്തരവുകളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്

5 (6) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വെബ്സൈറ്റിൽ എല്ലാ സർക്കുലറുകളും പ്രധാന ഉത്തരവുകളും പ്രസിദ്ധീകരിക്കുന്നുണ്ടോ ; ഇല്ലായെങ്കിൽ എല്ലാ വകുപ്പുകളിലെയും എല്ലാ പ്രധാന സർക്കുലറുകളും ഉത്തരവുകളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ട നിർദ്ദേശം നൽകുമോ ;

(ബി) സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചശേഷം പല ഉത്തരവുകളും വെബ്സൈറ്റിൽ നിന്നും പിൻവലിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്താണ് ഇതിനു കാരണമെന്ന് അറിയിക്കുമോ ;

(സി) സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളും പ്രസിദ്ധീകരിക്കുന്ന പൊതുപ്രാധാന്യമുള്ള എല്ലാ സർക്കുലറുകളും ഉത്തരവുകളും ഏതു കാലത്തും പൊതുജനത്തിന് ലഭ്യമാകുന്ന തരത്തിൽ സർക്കാർ വെബ്സൈറ്റിൽ യഥാസമയം പ്രസിദ്ധീകരിക്കുന്നതിനും നിലനിർത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എല്ലാ പ്രധാന സർക്കുലറുകളും ഉത്തരവുകളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്.

(ബി) സർക്കാർ ഉത്തരവുകളും മറ്റ് പ്രധാനപ്പെട്ട രേഖകളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതിനുശേഷം പിൻവലിക്കണമെന്ന് അനൗദ്യോഗികമായി ആവശ്യപ്പെടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സർക്കാർ ഉത്തരവുകൾ/ രേഖകൾ പിൻവലിക്കണമെങ്കിൽ ബന്ധപ്പെട്ടവകുപ്പിലെ അണ്ടർ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരിൽനിന്നും രേഖാമൂലമുള്ള നിർദ്ദേശം ലഭിച്ചാൽ മാത്രമേ നടപടി സ്വീകരിക്കൂ എന്ന് വ്യക്തമാക്കിക്കൊണ്ട് 13-8-2015-ലെ 15100/എ 2/15/ഐ.&പി.ആർ. നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) എല്ലാ പ്രധാന സർക്കുലറുകളും ഉത്തരവുകളും സർക്കാർ വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly